# അക്കാദമിക മാസ്റ്റർ പ്ലാൻ



## ഗവ.യു.പി.എസ് കോലിയക്കോട്.

HM

ആമുഖം

ഗുണമേന്മയുള്ള വിദ്യാഭ്യാസം

കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും അതുപോലെ കായികരംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ ഗവ. യു.പി. എസ് കോലിയക്കോടിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ കഴിയുന്നു.

അക്കാദമിക രംഗത്തെ മികവിന്റെ കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകളുണ്ടെങ്കിൽ അപ്പപ്പോൾ പരിഷ്കരിക്കുകയും ചെയ്യുന്നു.

2025-26 അക്കാദമിക വർഷത്തെ അക്കാദമിക പ്രവർത്തനങ്ങൾ മുൻവർഷങ്ങളിലെ പ്രവർത്തനങ്ങളുടെ തുടർച്ചയും മാറുന്ന ഭൗതിക സാഹചര്യങ്ങൾക്കും പാഠ്യപദ്ധതിക്കും അനുയോജ്യമായി ചിട്ടപ്പെടുത്തിയിരിക്കുന്നു. ഓരോ കുട്ടിയെയും

ഓരോ യൂണിറ്റുമായി ബന്ധപ്പെട്ട് ഭാഷ, ഗണിതം, പരിസരപഠനം എന്നീ വിഷയങ്ങളിൽ സ്കൂളിന്റെ തനത് പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു.

ഇംഗ്ലീഷ് ഭാഷാ വികാസത്തിന് ഊന്നൽ നൽകി കൊണ്ടാണ് ഈ വർഷത്തെ പ്രവർത്തനങ്ങളിലധികവും ഉൾക്കൊള്ളിച്ചിരിക്കുന്നത്.

ഈ അക്കാദമിക വർഷത്തിലും വരും വർഷങ്ങളിലും പ്രാപ്യവും തീർച്ചയുമായ വിവിധ പ്രവർത്തന പദ്ധതി-ലൂടെ വിദ്യാലയത്തിലെ ഓരോ കുട്ടിയും അതത് തലങ്ങളിൽ ആർജിക്കേണ്ട ശേഷികൾ ഉറപ്പുവരുത്തി കൊണ്ട് അധ്യാപകരും രക്ഷകർത്താക്കളും പൊതുസമൂഹവും കുട്ടികളുടെ സമഗ്ര വികാസത്തിനായി ചേർന്ന് നിന്നുകൊണ്ടുള്ള കൂട്ടായ പരിശ്രമമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ലക്ഷ്യം വയ്ക്കുന്നത്.

LP

മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണാസംവിധാനം | അവതരണ സന്ദർഭം |
| --- | --- | --- | --- | --- |
| * സ്വതന്ത്ര വായന<br>വായന പരിപോഷണം | ചിത്രവായന<br>വാക്കുകൾ കൂട്ടുകാർ<br>വായനക്കുറി<br>വായനാനുഭവം പങ്കുവയ്ക്കൽ<br>(സഹപഠിതാവിന്റെ ഡയറി കുറിപ്പുകൾ) | ജൂൺ - മാർച്ച് | SRG<br>ലൈബ്രറി<br>രക്ഷിതാക്കൾ<br>സാഹിത്യകാരന്മാർ.<br>അധ്യാപകർ. | ക്ലാസ്സ് റൂം അവതരണം<br>CPTA<br>റേഡിയോവാണി<br>അസംബ്ലി<br>പഠനോത്സവം |
| | <u>ഇമ്മിണി ബല്യ എഴുത്ത്</u> | | | |
| * സ്വതന്ത്ര രചന | സംയുക്ത ഡയറി, സചിത്ര ഡയറി, സാങ്കല്പിക ഡയറി, സർഗാത്മക ഡയറി<br>അക്ഷരങ്ങളുടെ ലോകത്തേക്ക്<br>(വ്യത്യസ്ത വ്യവഹാര രൂപങ്ങൾ) | ജൂൺ - മാർച്ച് | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണാ സംവിധാനം | ഗണിതം. അവതരണ സന്ദർഭം. |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യങ്ങൾ തിരിച്ചറിയൽ | വ്യത്യസ്ത കളികളിലൂടെ ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുകയും നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു. | ജൂൺ - ജൂലൈ | SRG അധ്യാപകർ | ക്ലാസ് റൂം. |
| സംഖ്യാബോധം ഉറപ്പിക്കൽ | * കളികളിലൂടെ സംഖ്യകളിലേക്ക്. Magic with Numbers. (മാന്ത്രികച്ചതുരം, സംഖ്യാപസിലുകൾ, നമ്പർ പാറ്റേൺ, ...) | ജൂൺ - മാർച്ച് | | |
| | * ഗണിതസഞ്ചി ഒരുക്കൽ. | ജൂൺ - മാർച്ച് | | |
| ചതുഷ്ക്രിയകളും പ്രായോഗിക പ്രശ്നങ്ങളും. | * നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാനുള്ള അവസരം ഒരുക്കൽ. | ജൂലൈ - മാർച്ച്. | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണാ സംവിധാനം | EVS അവതരണ സാദ്ധ്യതകൾ. |
|---|---|---|---|---|
| പ്രകൃതിയെ അറിയാം | പ്രകൃതി നടത്തം<br>പരിസര നടത്തം<br>ശലഭോദ്യാനം നിർമ്മാണം, പരിപാലനം<br>ശലഭ ആൽബം നിർമ്മിക്കൽ. | ജൂൺ - മാർച്ച്. | | |
| വ്യക്തിശുചിത്വവും പരിസരശുചിത്വവും. | * ശുചിത്വ ക്ലബ്ബ് രൂപീകരണം<br>* ശുചിത്വ മോണിറ്ററിംഗ് ടീം<br>* മാനം അച്ചടക്കമുള്ള തലമുറയിലേക്ക്.<br>(മാറുന്ന സാഹചര്യത്തിൽ കുട്ടികളിൽ കണ്ടുവരുന്ന അക്രമവാസന തടയുന്നതിനുള്ള പ്രവർത്തനങ്ങൾ) | ജൂൺ - മാർച്ച്. | | |
| ആഹാരവും ആരോഗ്യവും | ശുചിത്വപാട്ട് ശരിയായ ആഹാരശീലങ്ങൾ പരിചയപ്പെടൽ,<br>പോസ്റ്റർ നിർമ്മാണം<br>ജൈവ വിഭവ മേള. | ആഗസ്റ്റ് - ജനുവരി. | | |

ENGLISH

| Aim | Activities | Time/Duration. | Duty | Presentation. |
|---|---|---|---|---|
| Listen and Act | Simple games<br>Drawing pictures according to instructions<br>Listen to simple stories, rhymes. | June - March | | Classroom |
| Improve communication skills. | * Talking time<br>Self introduction, story telling, simple object description, Picture description, communicate with co-learners. | June - March. | | Class room. |

വിഷയം: മലയാളം (UP)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • പ്രീ ടെസ്റ്റ്<br>• അക്ഷരം ഉറപ്പിക്കൽ<br>• അടയാളം ഉറപ്പിക്കൽ<br>• അക്ഷരകാർഡ് നൽകൽ<br>• വാക്കുകൾ ഉച്ചരിച്ച് കേൾവ്<br>• വാക്കുകൾ നിർമിക്കൽ<br>• വാക്യങ്ങൾ നിർമിക്കൽ<br>• ചിത്രം – അടിക്കുറിപ്പ്<br>• ചിത്രം – കഥ പറയൽ എഴുതൽ<br>• ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 3 മാസം അക്കാദമിക വർഷം | PTA<br>മലയാളം club | PTA |
| 2. പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | വാർത്താലോകത്തേക്ക്<br>പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ പുസ്തകങ്ങൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ | മലയാളം club |
| 3. കലാവാസനകളെ പരിപോഷിപ്പിക്കൽ | ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ ക്ലാസ്തലത്തിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം മുഴുവൻ | മലയാളം അധ്യാപകർ | മലയാളം club |

| | | | | |
|---|---|---|---|---|
| 4. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം, ആശയ സംവേദനം എന്നിവ നടത്തുന്നതിനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | • വായനാക്കുറിപ്പ്, പതിപ്പ്, ചുമർപത്രിക എന്നിവ തയ്യാറാക്കൽ<br>• വിവിധ വ്യവഹാര രൂപങ്ങൾ പരിചയപ്പെടൽ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്)<br>• വ്യക്തിഗത രചന, സംഘരചന പ്രോത്സാഹിപ്പിക്കൽ<br>• സാഹിത്യമേഖലയുമായി ബന്ധപ്പെട്ട് ചിത്രശാല നിർമ്മാണം. | അക്കാദമിക വർഷം | മലയാളം അധ്യാപകർ | മലയാളം club |
| 5. കുട്ടികളിൽ നൂതനമായ അറിവുകൾ കണ്ടെത്താനുള്ള പ്രവണത, അന്വേഷണാത്മകത എന്നിവ വളർത്തുക. | • ഓരോ ദിവസവും സ്കൂൾ ഇടവേളകളിൽ ചോദ്യങ്ങൾ നൽകൽ (5)<br>• ഉത്തരം അന്വേഷിച്ച് കണ്ടെത്തി മലയാളം GK book ൽ രേഖപ്പെടുത്തുന്നു. | അക്കാദമിക വർഷം | മലയാളം അധ്യാപകർ | മലയാളം club |

വിഷയം : സോഷ്യൽ സയൻസ് (UP)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. വിവിധ ലോക രാഷ്ട്രങ്ങളെ പരിചയപ്പെടുത്തുക, കൂടുതൽ അറിവ് നേടൽ<br>2. | Map marking<br>പത്രവാർത്തകൾ ശേഖരിക്കൽ<br>ഭൂപടത്തിൽ വിവിധ ഭൂഖണ്ഡങ്ങൾ, രാജ്യങ്ങൾ, സമുദ്രങ്ങൾ എന്നിവ അടയാളപ്പെടുത്തൽ.<br>മാപ്പിംഗ് software ഉപയോഗപ്പെടുത്താം | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | SS club |
| 2. പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റിയെടുക്കുക | Virtual / live field trip<br>ICT സാധ്യതകൾ ഉപയോഗിച്ചു കൊണ്ടും ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിച്ചു കൊണ്ടും കുട്ടികളിൽ ചരിത്രാവബോധം ഉണർത്തുന്നു. | അക്കാദമിക വർഷം | SS അധ്യാപകർ | SS club |
| 3. സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്താരാഷ്ട്രതല നിലവാരത്തിലേക്ക് എത്തിക്കുന്നു. | പുരാവസ്തുശേഖരത്തിലേക്ക്<br>കുട്ടികളെ മത്സരപരീക്ഷകളിൽ പ്രാപ്തരാക്കും വിധത്തിൽ പൊതുവിജ്ഞാനം നൽകാൻ | അക്കാദമിക വർഷം | SS അധ്യാപകർ | SS club |

| | | | | |
|---|---|---|---|---|
| | സഹായകരമായ ചോദ്യോത്തര ക്വിസുകൾ സംഘടിപ്പിക്കുന്നു | | | |
| 4. പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഉൾപ്പെടാൻ പഠിതാക്കളെ ബോധവാ-ന്മാരാക്കുന്നു | വെള്ളപ്പൊക്കം, സുനാമി, കൊടുങ്കാറ്റ്, ഭൂകമ്പം, സുനാമി തുടങ്ങിയ പ്രകൃതി ദുരന്ത-ങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നി ശമന സേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | ഒക്ടോബർ | SS അധ്യാപകർ | SS club |

## UP - English

| Aim | Activity | Duration | Duty | Finance |
| --- | --- | --- | --- | --- |
| Develop reading comprehension, vocabulary. | • Dictionary making - Growing Dictionary<br>• Dictionary Publishing<br>• Word wall<br>• Bullettin board | June - Feb<br>March | English teacher<br>English Club<br>SRG | |
| To Enhance listening and speaking skills through story telling and discussions. | • Listening simle stories<br>• Retelling stories<br>• Conduct debates<br>• Telling stories by observing Picture cards. | Aug - Oct | | |
| | • Breaking news<br>• Listening news<br>• Bullettin board | Nov - Dec (once in a week) | Radioclub | |

| | | | | |
|---|---|---|---|---|
| TO create awarness among students about the important days. | · Meet an expert<br>· Carrier<br><br>· Poster creation<br>· conducting quiz<br>· Day cellibration | January<br><br>Throughout the year | English club and SRG, PTA<br><br>SRG and Other clubes | |

## അക്കാദമിക മാസ്റ്റർപ്ലാൻ - അടിസ്ഥാനശാസ്ത്രം (UP)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) പ്രകൃതി, പരിസ്ഥിതി എന്നിവയെ കൂടുതലറിയാൻ | 1) ആവാസവ്യവസ്ഥകൾ സന്ദർശനം | അക്കാദമിക വർഷം | ശാസ്ത്ര ക്ലബ്ബ് | പി.ടി.എ |
| | 2) ജൈവവൈവിധ്യ പാർക്ക് നിർമ്മാണം (സ്കൂൾ, വീട്) | അക്കാദമിക വർഷം | ശാസ്ത്ര ക്ലബ്ബ്, പരിസ്ഥിതി ക്ലബ്ബ് | പി.ടി.എ |
| 2) ശാസ്ത്രപ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | 1) ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട് പരീക്ഷണകിറ്റുകൾ ശേഖരിക്കുവാനും സൂക്ഷിക്കുവാനുമുള്ള അവസരം. പരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കി അവതരിപ്പിക്കാനും സൂക്ഷിക്കാനുമുള്ള അവസരം (ഗ്രൂപ്പ്) | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | രക്ഷിതാക്കൾ, അധ്യാപകർ |
| 3) ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ, ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക | 1) ടേമടിസ്ഥാനത്തിൽ ശാസ്ത്രവിസ്മയ ചുമർ നിർമ്മാണം. 2) ആനുകാലിക പ്രസക്തിയുള്ള വിഷയങ്ങൾ ഗ്രൂപ്പുകൾക്ക് നൽകുകയും സെമിനാർ അവതരിപ്പിക്കാൻ അവസരം നൽകുകയും ചെയ്യുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ശാസ്ത്രക്ലബ്ബ് | അധ്യാപകർ, പി.ടി.എ |

| | | | | |
|---|---|---|---|---|
| 4) ദിനാചരണ പ്രവർത്തനങ്ങൾ - ഓരോ ദിനങ്ങളുടേയും പ്രാധാന്യം കുട്ടികളിൽ എത്തിക്കൽ. | 1) ക്വിസ്<br>2) ഡോക്യുമെന്ററി നിരീക്ഷണം<br>3) വിദഗ്ധരുമായി കൂടിക്കാഴ്ച | അക്കാദമിക വർഷം | ശാസ്ത്രക്ലബ്ബ് | പി.ടി.എ |

അക്കാദമിക മാസ്റ്റർ പ്ലാൻ - സംസ്കൃതം - UP

| പ്രവർത്തനങ്ങൾ | ലക്ഷ്യം | ക്ലാസ് | കാലയളവ് | ചുമതല |
|---|---|---|---|---|
| (1) ചിത്രങ്ങൾ, കഥാചിത്രങ്ങൾ, വായനാകാർഡുകൾ ഐ.സി.ടി. സാധ്യത എന്നിവയിലൂടെ സംഭാഷണ അവസരങ്ങൾ സൃഷ്ടിക്കുന്നു.<br>ടി.വി. റേഡിയോ സംസ്കൃത പരിപാടി വാർത്ത എന്നിവ കേൾക്കാൻ അവസരം<br>ചോദ്യോത്തരപ്പയറ്റ്<br>സംസ്കൃത സംഭാഷണ ക്ലാസുകൾ സംസ്കൃത അസംബ്ലി. | സംഭാഷണം<br>ആശയങ്ങളുടെ വാചികപ്രകടനം. | V<br>VI<br>VII | നിരന്തര പ്രവർത്തനം | അധ്യാപകർ മുതിർന്ന സംസ്കൃത വിദ്യാർത്ഥികൾ |
| (2) അക്ഷര പദ വാക്യ കാർഡുകൾ വായനയ്ക്കായി നൽകുന്നു.<br>പാഠഭാഗവായന<br>വായിച്ച പുസ്തകത്തിൽ നിന്നും നിശ്ചിത അക്ഷരത്തിലെ പദങ്ങൾ സമാഹരിച്ചുകൊണ്ട് ശബ്ദകോശ നിർമ്മാണം. | വായന<br>അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് ഉച്ചാരണ ശുദ്ധിയോടെയുള്ള വായന. | | നിരന്തര പ്രവർത്തനം | അധ്യാപകർ വിദ്യാർത്ഥികൾ |

| നമ്പർ | പ്രവർത്തനങ്ങൾ | ലക്ഷ്യം | ക്ലാസ് | കാലയളവ് | ചുമതല. |
|---|---|---|---|---|---|
| | | വായനയ്ക്കായി ഒരു മണിക്കൂർ. e-വായന (വലിയ font-ൽ അക്ഷരങ്ങൾ ക്രമീകരിച്ചു കൊണ്ട്) <br> പദകേളികൾ. | | | |
| 3. | പ്രാക് ലേഖന പ്രവർത്തനങ്ങൾ. <br> മാതൃക നോക്കി എഴുത്ത്. <br> കഥാചിത്രം നോക്കി കഥ എഴുത്ത്. <br> വരികൾ കൂട്ടിച്ചേർക്കൽ. <br> ഒരക്കം പദം - ഒരക്കം ദിനം. <br> വളരുന്ന അക്ഷരപട്ടികം. | <u>ലേഖനം</u> <br> സ്വായത്തമാക്കിയ അക്ഷരങ്ങൾ കൂട്ടിചേർത്ത് അർത്ഥപൂർണ്ണമായ പദങ്ങൾ വാക്യങ്ങൾ എന്നിവ എഴുതുക. | V <br> VI <br> VII | നിരന്തര പ്രവർത്തനം | അധ്യാപകർ വിദ്യാർത്ഥികൾ |

| | പ്രവർത്തനങ്ങൾ | ലക്ഷ്യം | ക്ലാസ് | കാലയളവ് | ചുമതല |
|---|---|---|---|---|---|
| 4. | സംസ്കൃതം ക്ലബ്<br>നിത്യോപയോഗ ഭാഷയിലെ സംസ്കൃത പദങ്ങളെ തിരിച്ചറിയൽ.<br>സംസ്കൃത പ്രദർശനങ്ങൾ<br>സംസ്കൃത സിനിമാപ്രദർശനങ്ങൾ<br>പ്രശ്നോത്തരി | കുട്ടികൾക്ക് ഭാഷയോട് വികസ്വര സമീപനം സൃഷ്ടിക്കാൻ | V<br>VI<br>VII | July<br>Oct. Feb<br>എല്ലാമാസവും. | അധ്യാപകർ<br>സംസ്കൃത വിദ്യാർത്ഥികൾ<br>സംസ്കൃത ക്ലബ് |
| 5. | പഠനം - ലളിതം - രസകരം -<br>കളികളിലൂടെ സംസ്കൃത പഠനം.<br>സംസ്കൃത സംഭാഷണ സാമർത്ഥ്യം നേടാനുള്ള കളികൾ.<br>ഓരോന്നും ക്ലാസ് നിലവാരം അനുസരിച്ച്. | [illegible] അവസാന ദിവസം ഒരു മണിക്കൂർ | V<br>VI<br>VII | Feb - | അധ്യാപകർ<br>വിദ്യാലയ സംസ്കൃതക്ലബ് |

മേഖല - യു.പി ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| 1) ആത്മവിശ്വാസം വളർത്തൽ | പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, ഗണിത ക്ലിനിക്ക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കളിലും ഉറപ്പ് വരുത്തുന്നു | സംഖ്യാപഠനം, Work sheets. Flash cards | ആഴ്ചയിൽ 1 ദിവസം | ,, | |
| 3) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ICT സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, സമാന്തര രേഖകൾ, കോണുകൾ, വൃത്തം, പരപ്പളവ്, വ്യാപ്തം, വീടിന്റെ പ്ലാൻ വരയ്ക്കൽ, ഗ്രാഫ് വിവരശേഖരണം, വൃത്തചിത്ര നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ ICT സാധ്യതകൾ (Geogebra) പ്രയോജനപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ 2 തവണ | | |

| | | | | |
|---|---|---|---|---|
| 4. വിവിധ ഗണിത ആശയങ്ങൾ (ഭിന്നസംഖ്യകൾ, ദശാംശ സംഖ്യകൾ, അളവുതൂക്കം, ചതുരങ്ങൾ etc) ഉറപ്പിക്കൽ, വിലയിരുത്തൽ | * Games, Group activities, Projects, ഗണിത ഉപകരണങ്ങളുടെ നിർമ്മാണം. (ഉദാ:- Fraction disc, Fraction wheel, clock, protractor etc)<br>* വിവിധ ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ചുള്ള Craft works.<br>* Monthly Test & Remedial class. | July, August മാസത്തിൽ 1 തവണ | അധ്യാപകർ | |
| 5. നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | * ഇൻസ്ട്രുമെന്റ് ബോക്സ് ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ<br>* അളവുകൾ.<br>* നിത്യജീവിതത്തിൽ നിർമ്മിതി ആവശ്യമായി കുട്ടികളുടെ പ്രയോജനകരമായ ബന്ധപ്പെട്ട പ്രവർ-ത്തനങ്ങൾ. | തുടർ പ്രവർത്തനങ്ങൾ | അധ്യാപകർ | |
| 6. ഗണിത വിഷയത്തിനു കുട്ടികളുടെ വിരസ ഭാവനകൾ, സമ്പൂർണ്ണ | | | | |

| | | | | |
|---|---|---|---|---|
| ഗണിത മത്സര വേദികളിലേക്ക് കുട്ടികളെ പൂർണ്ണ സജ്ജരാക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, PTA | ഗണിത ക്ലബ്ബ് മാനേജ്മെന്റ്. |
| 7. ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ ചർച്ച ചെയ്ത്, നിർമ്മിക്കൽ | ശില്പശാല സംഘടിപ്പിക്കുക. ഗണിതലാബിലേക്ക് ആവശ്യമായ ഉപകരണങ്ങൾ നിർമ്മിക്കുക. | അക്കാദമിക വർഷത്തിൽ ഒന്ന്. | അധ്യാപകർ PTA | PTA. |
| 8. വിവിധ ശേഷികളുടെ വികാസം | ദിനാചരണം<br>* ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടക്കേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു.<br>* ഗണിത അസംബ്ലി | ആവശ്യാനുസരണം | SRG. | |
| 9. രക്ഷിതാക്കളെ ബോധവത്ക്കരിക്കൽ. | മാസത്തിൽ ഒരു PTA നടത്തി ചുമതലകൾ നൽകുന്നു. | [illegible] | അധ്യാപകർ, HM, PTA president. | PTA. |